കൂടാതെ താഴെ പറയുന്ന എട്ട് വിദേശ മലയാളികളും ഇവിടെ വ്യവ സായങ്ങൾ തുടങ്ങിയിട്ടുണ്ട്.

1) ആംസ്റ്റർ ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്.എ.)

2) ഡാറ്റാവെയർ ഡിസൈൻസ് ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്. എ.)

3) ഇന്റർ നാഷണൽ ബിസിനസ് സർവ്വീസസ് ഗ്രൂപ്പ് (ദുബായ്)

4) ഗാഡ് കോ സോഫ്റ്റ് വെയർ ആന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് (ദുബായ്)

5) നെറ്റ് വർക്ക്സ് സിസ്റ്റംസ് ആന്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്.എ.)

6) സൃഷ്ടി ഓപ്പൺ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് (ജർമ്മനി)

7) ബ്രൈറ്റെക് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്(ജപ്പാൻ)

8) ഇൻഡ് സോഫ്റ്റ് ഇൻഫോ ടെക് പ്രൈവറ്റ് ലിമിറ്റഡ്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

36 (2221) നിയമസഭാ ചോദ്യത്തിന് ഉത്തരം നൽകുന്നതിന് വരുന്ന ചെലവ്

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണ കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയിൽ ഒരു സ്റ്റാർഡ് ചോദ്യത്തിന് ഉത്തരം പറയുവാൻ ശരാശരി എന്തുതുക ചെലവാകുമെന്ന് അറിയിക്കാമോ;

(ബി) ഒരു അൺസ്റ്റാർഡ് ചോദ്യത്തിന് ഉത്തരം നൽകുന്നതിന് ശരാ ശരി എന്തുതുക ചെലവുവരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഔദ്യോഗിക ജോലിയുടെ ഭാഗമായി തയ്യാറാക്കുന്നതിനാൽ പ്രത്യേക കണക്കുകൾ സൂക്ഷി ക്കുന്നില്ല.

37 (2222) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി മുതൽ ജൂൺ 15 വരെ എറണാകുളം ജില്ലയിൽ എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽനിന്നും ധനസഹായം അനുവദിച്ചു; ആർക്കൊക്കെ ധനസഹായം നൽകി; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ന് നൽകിവരുന്ന സഹായധനം പരമാവധി എത്രരൂപയാണ്; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ക്യാൻസർ, ഹൃദയശസ്ത്രക്രിയ എന്നിവയ്ക്ക് നൽകിവരുന്ന സഹായധനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999 ജനുവരി മുതൽ ജൂൺ 15 വരെ എറണാകുളം ജില്ലയിൽ 888 പേർക്ക് 17,77,300/- രൂപ(പതിനേഴ് ലക്ഷത്തി എഴുപത്തിയേഴായിരത്തി മൂന്നൂറ് രൂപ) ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചു നൽകിയവരുടെ പട്ടിക നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ബി)&(സി) പരമാവധി 5,000/- രൂപ വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു. തുക വർദ്ധിപ്പിക്കാനുള്ള നടപടികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

38 (2223) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മേപ്പയൂർ മണ്ഡലത്തിലെ അപേക്ഷകളിന്മേൽ എത്ര തുകയാണ് അനുവദിച്ചത്;

(ബി) എത്രപേർക്ക് ഇതിന്റെ ഗുണം ലഭിച്ചു;

(സി) എല്ലാ അപേക്ഷകൾക്കും ദുരിതാശ്വാസ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഇ) അനുവദിക്കപ്പെട്ട തുക ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷം 1,32,000/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ) യാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മേപ്പയൂർ മണ്ഡലത്തിലെ അപേക്ഷകർക്ക് അനുവദിച്ചത്.

(ബി) 55 പേർക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) അർഹതയുള്ള എല്ലാ അപേക്ഷകർക്കും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഇ) ചില കേസ്സുകളിൽ പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly